**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 670** **24-08-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഭേദഗതി ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ഭേദഗതി ബിൽ സംസ്ഥാനത്തിന് ബാധകമായ ഫെഡറൽ തത്വങ്ങളുടെ ലംഘനമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതുതരത്തിലാണ് ഇത് സംസ്ഥാനത്തിന് പ്രതിലോമകരമാകുന്നതെന്ന് വിശദമാക്കാമോ; | (എ) | വൈദ്യുതി നിയമ ഭേദഗതി ബില്ലിലെ നിർദ്ദേശങ്ങൾ ഫെഡറൽ ഭരണതത്വങ്ങൾക്ക് എതിരാണ് എന്ന് വിലയിരുത്തുന്നു. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാര മുള്ളതുമായ വൈദ്യുതിമേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി ഭേദഗതി ബിൽ പാർലമെൻറിൽ അവതരിപ്പിക്കുന്നതിനു മുൻപായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും സമവായത്തിലെത്തുവാനും കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്.<br><br>മുൻകാലങ്ങളിൽ വൈദ്യുതി മേഖലയിൽ കേന്ദ്രസർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതിവിതരണം തികച്ചും സംസ്ഥാനതലത്തിൽ ആണ് കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവല്ക്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കുവാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾ പോലും ഇല്ലാതാക്കി വൈദ്യുതിമേഖലയുടെ നിയന്ത്രണം പൂർണമായും കേന്ദ്രസർക്കാരിൽ നിക്ഷേപിക്കുന്ന സമീപനമാണ് ഇപ്പോൾ മുന്നോട്ട് വച്ചിട്ടുള്ളത്.<br><br>വൈദ്യുതി മേഖലയുടെ നിയന്ത്രണം പൂർണമായും കേന്ദ്രസർക്കാരിലും അവരുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഭരണ നിർവ്വഹണ സംവിധാനങ്ങളിലും കേന്ദ്രീകരിക്കുന്ന വിധത്തിലുള്ള സമീപനമാണ് 2022ലെ വൈദ്യുതി ഭേദഗതി നിയമം മുന്നോട്ടു വയ്ക്കുന്നത് എന്ന് സംസ്ഥാനം വിലയിരുത്തുന്നു. |

| | | | |
|---|---|---|---|
| | | | വൈദ്യുതി വിതരണ കമ്പനികൾ പ്രവർത്തിക്കേണ്ടത് കേന്ദ്രനിയമങ്ങൾക്കും ബന്ധപ്പെട്ട കമ്മിഷനുകൾ പുറത്തിറക്കുന്ന ചട്ടങ്ങൾക്കും ഫോറം ഓഫ് റെഗുലേറ്റേഴ്സിന്റെ മാതൃകാ ചട്ടങ്ങൾക്കും അനുസൃതമായി ആകണമെന്ന് സെക്ഷൻ 42 (1.c) ഭേദഗതി നിർദ്ദേശിക്കുന്നു. അതോടൊപ്പം കേന്ദ്ര-സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളുടെയും ഫോറം ഓഫ് റെഗുലേറ്ററിന്റെയും നിയന്ത്രണവും കേന്ദ്രസർക്കാരിലേയ്ക്ക് പോകുന്ന സ്ഥിതി സംജാതമാകും. ചുരുക്കത്തിൽ വൈദ്യുതി വിതരണ രംഗം പൂർണ്ണമായും കേന്ദ്ര സർക്കാർ നിയന്ത്രണത്തിൽആയിത്തീരുന്ന സ്ഥിതി ഭേദഗതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഉണ്ടാകും.<br><br>നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ വീതം വയ്ക്കുന്നതിലും കേന്ദ്രസർക്കാർ നിയന്ത്രണം വരുന്ന സ്ഥിതി ഉണ്ടാകാം. നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ പോലെ ഗ്രിഡ് നിയന്ത്രിക്കാൻ ദൈനംദിനം ഇടപെടുന്ന ഗ്രിഡ് മാനേജ്മെന്റ് സംവിധാനത്തെ അനിയന്ത്രിതമായ അധികാരങ്ങളുള്ള പരമാധികാര കേന്ദ്രമാക്കി മാറ്റുന്നു - അതോടൊപ്പം നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ, റിജിയണൽ ലോഡ് ഡെസ്പാച്ച് സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുന്ന തർക്കങ്ങളിൽ തീരുമാനമെടുക്കാനുള്ള ചുമതല കേന്ദ്ര സർക്കാരിന് നിയന്ത്രണമുള്ള കേന്ദ്ര റെഗുലേറ്ററി കമ്മീഷന് നൽകിയിരിക്കുകയാണ്.<br><br>വിതരണ ലൈസൻസി തങ്ങളുടെ ആകെ വൈദ്യുതി ഉപഭോഗത്തിന്റെ നിശ്ചിത ശതമാനം പുനരുപയോഗ സ്രോതസ്സുകളിൽ നിന്ന് ആകണമെന്നും, അത് എത്രത്തോളമെന്നത് സംസ്ഥാന കമ്മീഷനുകൾക്ക് നിർദ്ദേശിക്കാവുന്നതാണ് എന്ന് പറയുന്നതിനോടൊപ്പം പ്രസ്തുത ശതമാനം കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്നതിൽ കുറയാൻ പാടില്ല എന്നും ഭേദഗതി നിഷ്കർഷിക്കുന്നു. സംസ്ഥാനത്തെ സാഹചര്യങ്ങൾ പരിഗണിക്കാതെ, ഒരു പൊതു മാനദണ്ഡം എല്ലാവർക്കും ബാധകമാക്കുന്നത് കേരളം പോലെ സ്ഥല പരിമിതിയും പരിസ്ഥിതി പ്രശ്നങ്ങൾ മൂലവും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കാത്ത സംസ്ഥാനങ്ങൾക്ക് ദോഷകരമാകും. |
| (ബി) | സംസ്ഥാന സർക്കാർ നിലവിൽ കാർഷിക മേഖലയ്ക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും നൽകുന്ന സൗജന്യങ്ങൾ ഈ ബിൽ നടപ്പിലായാൽ തടയപ്പെടുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. ക്രോസ് സബ്സിഡി സംവിധാനത്തിൽ വാണിജ്യ ഉപഭോക്താക്കൾ, വളരെ ഉയർന്ന ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ തുടങ്ങിയവരിൽ നിന്നും ശരാശരി വൈദ്യുതി വിലയേക്കാൾ (Average Cost of Supply) കൂടുതൽ നിരക്ക് ഈടാക്കുന്നതിനാലാണ് സാധാരണക്കാരായ |

| | | | |
|---|---|---|---|
| | | | ഗാർഹിക / കാർഷിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകി വരുന്നത് സാധ്യമാകുന്നത്.<br><br>ഒരു സർക്കാർ കമ്പനിയോ സ്ഥാപനമോ കൈകാര്യം ചെയ്യുന്ന ക്രോസ് സബ്സിഡി ബാലൻസിംഗ് ഫണ്ട് സംസ്ഥാന സർക്കാർ സ്ഥാപിക്കണം എന്നും ക്രോസ് സബ്സിഡി, ക്രോസ് സബ്സിഡി സർചാർജ്, അല്ലെങ്കിൽ അധിക സർചാർജ്ജ് എന്നിവ വഴി ഒരു ഡിസ്ട്രിബ്യൂഷൻ ലൈസൻസിക്ക് ലഭിക്കുന്ന 'അധിക തുക' ക്രോസ് സബ്സിഡിയിൽ വരുന്ന കമ്മി നികത്തുന്നതിനായി ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ് എന്നും ഭേദഗതി നിർദ്ദേശിക്കുന്നു. എന്നാൽ സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് എന്നിവ യഥാസമയം ഫണ്ടിലേക്ക് ലഭ്യമാക്കാത്ത പക്ഷം അത് ക്രോസ് സബ്സിഡി സംവിധാനത്തിന്റെ തകർച്ചയിലേക്കും, സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിലേക്കും നയിക്കും. അത്തരം ഒരു വിഷമസന്ധി വന്നാൽ നിലവിലെ ക്രോസ് സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങൾക്ക് ആയതു ലഭിക്കാതെ, വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരുമെന്ന് വിലയിരുത്തപ്പെടുന്നു. |

സെക്ഷൻ ഓഫീസർ